# Dakshina Kerala Jam-iyyathul Ulama

H.O. Kollam

---

### ജുമുഅ പ്രഭാഷണം

## “ദുശ്ശകുനമില്ല”(04/11/16)

അവതരണം: സി.എ. മൂസാ മൗലവി MA MFB,Ph: 9447465648

---

قَالُوا إِنَّا تَطَيَّرْنَا بِكُمْ ۖ لَئِن لَّمْ تَنتَهُوا لَنَرْجُمَنَّكُمْ وَلَيَمَسَّنَّكُم مِّنَّا عَذَابٌ أَلِيمٌ (١٨) قَالُوا طَائِرُكُم مَّعَكُمْ ۚ أَئِن ذُكِّرْتُم ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ(١٩ سورة يس)

➢ **സ്വഫർ മാസം പ്രവേശിച്ചിരിക്കകയാണ്.** നമുക്ക് ചടങ്ങുകളുടെ അവധിക്കാലമാണ് ഈ മാസം. വിവാഹം/വീട് താമസം/കുറ്റിയടിക്കൽ/കൂട്ടികൊണ്ട് വരൽ/കൊണ്ടുപോകൽ.......ചടങ്ങുകളും നാട്ടാചാരങ്ങളും ഈ മാസം നടത്താറില്ല. സ്വഫർ ചീത്തയാണെന്ന ചിന്തയാണതിന്റെ കാരണം.

➢ **ഇസ്‌ലാമിക പ്രമാണങ്ങളിലൊന്നും ഇതിനു തെളിവില്ല.**

1. ഖുർആൻ ഹദീസുകളിൽ ഇല്ല. ഒന്നും വിട്ടുകളയാത്ത ഖുർആൻ-ഹദീസ് ഇത് വിട്ടുകളഞ്ഞു എന്ന് പറയാൻ കഴിയുമോ?
2. ഇസ്‌ലാമിക ചരിത്രത്തിൽ എവിടെയുമില്ല. നബി(സ്വ) യുടെ ജീവിതം മുഴുവനും രേഖപ്പെടുത്തപ്പെട്ടി ട്ടുണ്ട്. ചെറിയ കാര്യം പോലും വിട്ടിട്ടില്ല. അതിൽ സ്വഫർ ചീത്തയാണെന്നില്ല.
3. കർമ്മ ശാസ്ത്രത്തിലില്ല. പ്രമാണങ്ങളെ ആഴത്തിൽ ഗവേഷണം ചെയ്ത് ഖിയാമത്ത് നാൾ വരെയുള്ള മനഷ്യരുടെ പ്രശ്നങ്ങൾക്ക് വിധി വിശദീകരിച്ചിരിക്കുകയാണ് കർമ്മശാസ്ത്രം. ടെസ്റ്റ്‌ട്യൂബ് ശിശു/ ക്ലോണിംഗ്/ അവയവമാറ്റം..... എല്ലാം വിശദീകരിച്ച ഫിഖ്ഹ്, പക്ഷേ സ്വഫർ മോശമാണെന്ന് എവിടെയും പർഞ്ഞിട്ടില്ല.

➢ എന്ന് മാത്രമല്ല, നബി(സ്വ) ഫാത്വിമ ബീവിയെ വിവാഹം ചെയ്തയച്ചത് സ്വഫറിലായിരുന്നു. തന്മൂലം സ്വഫർ വിവാഹത്തിനു നല്ല മാസമാണെന്ന് ഉലമാക്കൾ പറഞ്ഞിരിക്കുന്നു.

وصح الترغيب في الصفر أيضا روى الزهري أن رسول الله (ص)زوج ابنته فاطمة عليا في شهر صفر على رأس اثني عشر شهرا من الهجرة. (شرواني ٧/ ١٨٩)

(= ഹിജ്റയുടെ 12-ാം മാസം സ്വഫറിൽ)

നുബുവ്വത്തിനും ഹിജ്റക്കും ശേഷമാണീ സംഭവം. എന്തെങ്കിലും കുറവുണ്ടാകമായിരുന്നെങ്കിൽ നബി(സ്വ) ചെയ്യില്ലായിരുന്നു.

➢ നബി(സ്വ)യുടെ കാലത്ത് അറബികൾ ശവ്വാൽ മാസത്തെ ശകുനമായി കണ്ടിരുന്നു. ഇത് ഇസ്‌ലാം പരിഗണിച്ചതേയില്ല.

عن عائشة رضي الله عنها تزوجني صلى الله عليه وسلم في شوال ودخل بي فيه وأيُّ نِسائِه كان أحْظَى عنده مِنِّي (مسلم)

(= എന്നെക്കാൾ തങ്ങളുടെ അടുക്കൽ ആർക്കാണ് സ്ഥാനമുണ്ടായുരുന്നത് ?)

ഈ ഹദീസിന്റെ വിവരണത്തിൽ ഇങ്ങനെ കാണാം.

قيل إنما قالت هذا رداً على أهل الجاهلية فإنهم كانوا لا يرون يمناً في التزوّج والعرس في أشهر الحج

وقيل لأنها سمعت بعض الناس يتطيرون بناء الرجل على أهله في شوّال فحكت ما حكت رداً لذلك.

قَال النووي: قصدت عائشة بهذا ردّا ما كانت عليه الجاهلية وما يتخيله بعض العوامّ اليوم (مرقاة)

(ശവ്വാലിൽ വിവാഹം ഐശ്വര്യമല്ല എന്ന് വിചാരിച്ചവർക്കുള്ള മറുപടിയാണിത്. ശവ്വാൽ ദുശ്ശകുനമാണെന്ന് ധരിച്ചവർക്കും മറുപടിയാണിത്. ഇമാം നവവി (റ) പറയുന്നു. ജാഹിലിയ്യാ അന്ധവിശ്വാസത്തെ തിരുത്തലാണ് ഉദ്ദേശ്യം. ഇത്തരം വിശ്വാസമുള്ള ഇന്നത്തെ ആളുകളെയും)

ചുരുക്കത്തിൽ സ്വഫർ മാസം നല്ല കാര്യങ്ങൾക്ക് കൊള്ളില്ല എന്ന ചിന്തക്ക് യാതൊരു അടിസ്ഥാനവുമില്ല.

➢ എന്നു മാത്രമല്ല, ഏതെങ്കിലും വ്യക്തിയോ വസ്തുവോ ദുശ്ശകുനമാണെന്ന ചിന്തയെ ഖണ്ഡിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്.

1). മുസ്‌ലിംകൾ ദുശ്ശകുനമ്മാണെന്ന് പറഞ്ഞ സ്വാലിഹ് നബി(അ)യുടെ ജനതയെ ഖുർആൻ നിരാകരിക്കുന്നു.

قَالُوا اطَّيَّرْنَا بِكَ وَبِمَن مَّعَكَ ۚ قَالَ طَائِرُكُمْ عِندَ اللَّهِ ۖ بَلْ أَنتُمْ قَوْمٌ تُفْتَنُونَ (النمل ٤٧) أَيْ تَشَاءَمْنَا بِكَ ؛ لِأَنَّ الَّذِي يُصِيبُنَا مِنْ شِدَّةٍ وَقَحْطٍ فَهُوَ بِشُؤْمِكَ وَبِشُؤْمِ مَنْ مَعَكَ.(طَائِرُكُمْ عِنْدَ اللَّهِ) أَيِ السَّبَبُ الَّذِي مِنْهُ يَجِيءُ خَيْرُكُمْ وَشَرُّكُمْ عِنْدَ اللَّهِ ، وَهُوَ قَضَاؤُهُ وَقَدَرُهُ ، إِنْ شَاءَ رَزَقَكُمْ وَإِنْ شَاءَ حَرَمَكُمْ (رازي)

(= സ്വാലിഹ് നബിയും മുസ്‌ലിംകളും ദുശ്ശകുനമാണ്, അല്ല, നന്മയും തിന്മയും വരുന്നത് അല്ലാഹുവിൽ നിന്നാണ്. അവന്റെ ഖളാ അനുസരിച്ച് മാത്രം)

2) ഈസാ നബിയുടെ ശിഷ്യന്മാർ അന്താക്യയിൽ ചെന്നപ്പോൾ അവിടുത്തെ ജനത പറഞ്ഞതും ഇതു തന്നെ.

قَالُوا إِنَّا تَطَيَّرْنَا بِكُمْ ۖ لَئِن لَّمْ تَنتَهُوا لَنَرْجُمَنَّكُمْ وَلَيَمَسَّنَّكُم مِّنَّا عَذَابٌ أَلِيمٌ (١٨) قَالُوا طَائِرُكُم مَّعَكُمْ ۚ أَئِن ذُكِّرْتُم ۚ بَلْ أَنتُمْ قَوْمٌ مُّسْرِفُونَ(١٩ سورة يس)

3) മൂസാ നബി (അ) യെ കുറിച്ച് ഫറോവയും കൂട്ടരും പറഞ്ഞതും ദുശ്ശകുനത്തെ കുറിച്ചാണ്.

إِذَا جَاءَتْهُمُ الْحَسَنَةُ قَالُوا لَنَا هَٰذِهِ ۖ وَإِن تُصِبْهُمْ سَيِّئَةٌ يَطَّيَّرُوا بِمُوسَىٰ وَمَن مَّعَهُ ۗ أَلَا إِنَّمَا طَائِرُهُمْ عِندَ اللَّهِ وَلَٰكِنَّ أَكْثَرَهُمْ لَا يَعْلَمُونَ (الأعرف ١٣١)

ഇവിടെ നാം കാണുന്ന പ്രത്യേകത കുഫ്റിന്റെ ആളുകൾ എപ്പോഴും ദുശ്ശകുനത്തിൽ വിശ്വസിക്കുന്നവരാണ്. ഏതു കാലത്തും ഏത് രാജ്യത്തും. ഇസ്‌ലാം എപ്പോഴും അതിനെ എതിർക്കുകയാണ് ചെയ്തത്. എന്തുകൊണ്ട്?

➢ മനുഷ്യനെ സൃഷ്ടിക്കും മുമ്പ് തന്നെ അല്ലാഹുവിന്റെ ഖദ്ർ ഖളാഅ് നിർണ്ണയിക്കപ്പെട്ടതാണ്. അതനുസരിച്ച് മാത്രമേ ലോകത്ത് കാര്യങ്ങൾ നടക്കുകയുള്ളൂ. ഇതിൽ മാസത്തിനോ മാസത്തിനോ പങ്കില്ല.

وَلَوِ اجْتَمَعُوا عَلَى أَنْ يَضُرُّوكَ بِشَيْءٍ لَمْ يَضُرُّوكَ إِلَّا بِشَيْءٍ قَدْ كَتَبَهُ اللَّهُ عَلَيْكَ رُفِعَتِ الْأَقْلَامُ وَجَفَّتِ الصُّحُفُ (الترمذي)

قُل لَّن يُصِيبَنَا إِلَّا مَا كَتَبَ اللَّهُ لَنَا هُوَ مَوْلَانَا ۚ وَعَلَى اللَّهِ فَلْيَتَوَكَّلِ الْمُؤْمِنُونَ (التوبة ٥١)

ഇത് ഈമാൻ കാര്യത്തിന്റെ ഭാഗമായി വിശ്വസിക്കുന്നവരാണ് നാം. والقدر خيره وشره من الله

ചുരുക്കത്തിൽ സ്വഫർ മാസമോ മറ്റോ ദുശ്ശകുനമാണെന്ന വിശ്വാസം ശരിയല്ല

**NB: ജുമുഅ പ്രഭാഷണ കുറിപ്പ് എല്ലാ ബുധനാഴ്ചകളിലും ലഭിക്കും (ഇ:അ)**